ശ്രീ. സി. സി. അയ്യപ്പൻ : മുളവെട്ടി കൊണ്ടുപോകുന്നതിനു് ഇപ്പോൾ ഫീസു വസൂലാക്കുന്നതായറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തന്നെയാണു് ഇപ്പോൾ പറഞ്ഞതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ പനമ്പു വ്യവസായത്തിനു് ഒരു മാർക്കറ്റുണ്ടാക്കുന്ന കാര്യം ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ മാർക്കറ്റുണ്ടു്.

സർക്കാർ ജീവനക്കാരുടെ കായ്ക്കശേഷി.

✱ 571. [23] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചതോടുകൂടി സർക്കാർ ജീവനക്കാരുടെ കായ്ക്കശേഷി വർദ്ധിക്കുകയും, സർക്കാർ കാര്യങ്ങളുടെ നടപടികളിലുള്ള കാലതാമസം കുറയുകയും ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) : ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : ഇപ്പോഴും സർക്കാർ കാര്യങ്ങളുടെ നടപടിയിലുള്ള കാലതാമസത്തിനു യാതൊരു കുറവും വന്നിട്ടില്ലായെന്നു് പൊതുധാരണയുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ധാരണ മാറാൻ ശ്രമിച്ചാൽ കൊള്ളാം.

ശ്രീ. എൻ. ജി. ചാക്കോ : സർക്കാർ ഫയലുകളുടെ തീരുമാനത്തിലുള്ള കാലതാമസം കുറയ്ക്കുന്നതിനു് എന്തെങ്കിലും ഇഫക്ടീവു് ആയ നടപടി ഗവണ്മെൻറു സ്വീകരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫയലുകൾ തീരുമാനിക്കുന്നതിനു കാലം വേണം. ആ കാലതാമസം കുറച്ചു കുറഞ്ഞിട്ടുണ്ടെന്നാണു ഗവണ്മെൻറു വിശ്വസിക്കുന്നതു്; ഇനിയും കുറഞ്ഞാൽ കൊള്ളാം.

ശ്രീ. സി. എ. മാത്യു : ശമ്പളത്തിൻെറ കുറവുകൊണ്ടാണോ കാലതാമസം ഉണ്ടായിരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശമ്പളത്തിൻെറ കുറവുകൊണ്ടാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല. എല്ലാംകൂടി ഒന്നിച്ചു സംഭവിക്കുകയാണു ചെയ്തതു്.

പമ്പാവാലി സ്കീം.

✱ 572. [24] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലി സ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെട്ടതാണെന്ന കാണിച്ചു വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) പമ്പാ വൈദ്യുതപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ മിക്കവാറും പൂർത്തിയായി. പമ്പാ ജലസേചനപദ്ധതിയുടെ ഇൻവെസ്റ്റിഗേഷനും 75 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) അപ്രകാരം നിവേദനങ്ങളൊന്നും കിട്ടിയിട്ടുള്ളതായി കാണുന്നില്ല. എന്നാൽ പമ്പാവാലി ബഹുമുഖപദ്ധതി രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : ഈ രണ്ടു സ്കീമുകളും എന്നത്തേയ്ക്കു പൂർത്തിയാകും ?

ശ്രീ കെ. ഐ. വേലായുധൻ : അതിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. മത്തായി : ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ട് എത്ര നാളായി ?

ശ്രീ. കെ. ഐ. വേലായുധൻ : അധികമായിട്ടില്ല.

തൊഴിലാളികൾക്കു സഹായം.

* 573. [25] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) മേയ് 18-ാംന- കടൽക്ഷോഭംമൂലം തകർന്നുപോയ ചില കുടുംബസ്ഥന്മാർക്ക് സഹായധനം നൽകണമെന്നും, കടലിൽവച്ച് അപകടം പറ്റിയ തൊഴിലാളികൾക്ക് അടിയന്തിരാശ്വാസം നൽകണമെന്നും കാണിച്ചു വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) ഉണ്ട്.

(ബി) തകർന്നുപോയ ചില കുടുംബങ്ങൾക്കു നാമമാത്രമായി ഉപയോഗയോഗ്യമാക്കുന്നതിനു താഴെ പറയുന്നവിധം പലിശയില്ലാത്ത കടം അനുവദിച്ചിട്ടുണ്ട്.

ശ്രീമതി കുട്ടിദേവകി	30	0	0
മിസ്സിസ്സ്. രാമൻ	30	0	0
ശ്രീ. എൻ. കെ. വാസു			
,, രാമൻ വാസുദേവൻ	65	0	0
,, പാപ്പു കോരപ്പൻ	30	0	0
,, എച്ച്. വി. ആഷർ	60	0	0
ആകെ	215	0	0

LIBRARY ARCHIVES Kerala Legislative Assembly